
E-mail:vhss kadavathur@gmail.com
ചങ്ങാതിക്കൂട്ടം
ഞാൻ കണ്ട എന്റെ കലോത്സവം
നിദ ഫാത്തിമ.എം
പുഴ ശാന്തമായി ഒഴുകുന്നു
ഷംന ഷെറിൻ

# എഡിറ്റോറിയൽ ബോർഡ്

*സുഭാഷ്.എം [പ്രധാനദ്ധ്യാപകൻ]*

*സുന്ദരേശൻ തളത്തിൽ [വിദ്യാരംഗം കൺവീനർ]*

*സുബിൻ [SITC]*

*ലീന.പി [ലിറ്റിൽ കൈറ്റ് മിസ്ട്രസ്]*

*മീരാഭായ്.വി.പി [ലിറ്റിൽ കൈറ്റ് മിസ്ട്രസ്]*

## ലിറ്റിൽ കൈറ്റ് അംഗങ്ങൾ

*നിദ ഫാത്തിമ. എം*

*ജുംന നാസ്ലി. പി. വി*

*അഭിനന്ദ്. ആർ. എസ്*

*ഫാത്തിമത്ത് സിയ*

*ജിയൂഷ്. ഒ*

*ഫെമിന. എം*

*റിഫ. കെ. കെ*

*ആദിത്ത്*

*ആദിത്ത്യൻ*

*അയ്ഫന*

# എഡിറ്റോറിയൽ

കുട്ടികളുടെ സർഗശേഷിയെ പരിപോഷിപ്പിക്കുന്ന പാഠ്യപദ്ധതിയാണ് ഇന്നുള്ളത്. വിദ്യാർത്ഥികളുടെ ബഹുമുഖമായ കഴിവുകൾ വികസിപ്പിക്കാൻ വിവര സാങ്കേതിക വിദ്യയുടെ പഠനം കൊണ്ട് സാധ്യമാകുന്നു .ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ ചങ്ങാതിക്കൂട്ടം ഞങ്ങൾ അണിയിച്ചൊരുക്കുകയാണ്. 2019–20 ബാച്ചിലെ little kite അംഗങ്ങളുടെ എളിയ പഠന പ്രവർത്തനത്തിന്റെ ഭാഗമാണിത്. സർഗാത്മകവും ക്രിയാത്മകവുമായ ചിന്തകൾ ഉയർന്നുവരാൻ ചങ്ങാതിക്കൂട്ടം ത്തിന് കഴിയട്ടെ എന്ന പ്രത്യാശയോടെ

പത്രാധിപ സമിതി

**അകം പൊരുൾ**

എഡിറ്റോറിയൽ ബോർഡ്................................................................2
എഡിറ്റോറിയൽ................................................................3
ഏകാഗ്രതാ മനസ്സും പഠനവും................................................................5
ഞാൻ കണ്ട എൻെറ കലോത്സവം................................................................6
വാക്ക്................................................................8
പുഴ ശാന്തമായി ഒഴുകുന്നു................................................................9
ഇതിഹാസങ്ങൾ ചിത്രങ്ങളിലൂടെ................................................................11
Need a Wife ...For You................................................................12
ഞാൻ തനിച്ചല്ല................................................................14
Crumbled conception................................................................15
പരിഭവം................................................................16
കേരളീയ കലാരൂപങ്ങൾ................................................................17
Freedom................................................................20
The final rest................................................................21

# ഏകാഗ്രതാ മനസ്സും പഠനവും

പി നിസാർ

നമ്മൾ പുരോഗതിയുടെ പടവുകൾ കയറുമ്പോഴും,ഇടയ്ക്കിടെ, പതറുന്ന കുട്ടികൾ വഴിയിൽ കാണാറുണ്ട്. ചോദിച്ചെത്തുന്നവരിൽ പല കൂട്ടുകാരും ഓർമ്മ കുറവെന്നു പറയാറുള്ളതിനോടൊപ്പം പഠന താൽപര്യം ഇല്ലെന്നും, ശ്രദ്ധിക്കാൻ പറ്റുന്നില്ലെന്നും പരിഭവപ്പെടാറുണ്ട്. എന്താ ഇതിനൊരു പരിഹാരം? നമുക്കൊന്ന് കണ്ടെത്താം.

കഴിഞ്ഞ കാലങ്ങളിലെ പലതും, അത് ദു:ഖങ്ങളാവാം, ചിലപ്പോൾ സന്തോഷമാവാം, അതൊക്കെ ഓർമ്മച്ചെപ്പിൽ അറിഞ്ഞോ, അറിയാതയൊ പതിഞ്ഞിരിക്കുന്നു. അപ്പോൾ ചിന്തയിൽ ഏകാഗ്രത കൂടുതൽ ഉള്ളത് ശ്രദ്ധിച്ചുവോ?

ശ്രദ്ദയോടെ, മനസ്സറിഞ്ഞൊന്ന് കേട്ടാൽ, കേൾക്കുന്നതിനെ ഒന്ന് കണ്ടാൽ ആ കാര്യം ഓർമ്മയിൽ ഭദ്രം. ഇവിടെ നാം കണ്ടറിഞ്ഞതിലും കേട്ടറിഞ്ഞതിലും ഏറിയ പങ്കും മനസ്സറിഞ്ഞു ശ്രദ്ധിച്ചാൽ അവിടെ ഉണ്ടാകുമെന്ന് നാം അനുഭവിച്ചറിഞ്ഞു. എത്ര മായ്ക്കാൻ ശ്രമിച്ചാലും പെർമനെന്റ് ഫോൾഡറിൽ ആ കാര്യങ്ങൾ സുഭദ്രം. നമുക്ക് ഒന്നാമതായി വേണ്ടത് മനസ്സറിഞ്ഞ ശ്രദ്ദ. സാമൂഹ്യ ശാസ്ത്രമാവട്ടെ, ശാസ്ത്രമാവട്ടെ മറ്റേതു വിഷയവുമാകട്ടെ അതിനെ ശ്രദ്ധിക്കുക......അതെ, മിനിമം അഞ്ചു മിനിട്ടെടുത്ത് പ്രധാന പോയിന്റിലൂടെ ഒരെത്തിനോട്ടം. ക്ലാസ്സുകൾ കഴിഞ്ഞു, പാഠ ഭാഗങ്ങൾ അധികവും ഗുരുക്കന്മാരിൽ നിന്നും പകർന്നു കിട്ടി. ഇപ്പോൾ നാം അതിലൂടെ കണ്ണോടിച്ചു കഴിഞ്ഞു.

ഇനി നാം വായിച്ച തല വാചകങ്ങളിലൂടെ – പ്രധാന പോയിന്റിലൂടെ – അതിനോട് ചെറിയ ചോദ്യങ്ങളാവാം. അപ്പോൾ നമ്മുടെ മനസ്സിൽ താൽപര്യം ഉടലെടുത്തു വരുന്നത് അറിയാം. ഒന്ന് പരീക്ഷിച്ചു നോക്കൂ...എന്താണ്, വായിക്കാനുള്ള ഭാഗത്തെന്നറിയാൻ ഉത്സുകത . ആ ഒരു ത്വര നമ്മെ വായനയിലേക്ക് എത്തിക്കുന്നു. അതുകൊണ്ട് എന്റെ പ്രിയപ്പെട്ട കൂട്ടുകാരെ, ഇപ്പോൾ നിങ്ങളുടെ മനസ്സിലൊരു ചോദ്യം വന്നേക്കാം, ഒരുപാട് വിഷയങ്ങൾ ഇതുപോലെ നോക്കാനും അതിനോട് ചോദിക്കാനും, വായിക്കാനും സാറെ, സമയം എവിടെ? എന്താണ് അതിനൊരു പരിഹാരം?

താല്പര്യജനകമായ ഒരു കാര്യം എളുപ്പത്തിൽ നമുക്കു മുമ്പിൽ വന്നില്ലെങ്കിലും എത്രയോ സമയം നാം അതിനു വേണ്ടി കാത്തിരിക്കാറില്ലേ? എഴുതി വരുന്നത് സമയത്തെ കൈ പിടിയിലൊതുക്കാൻ നല്ല ചിന്തകൾ മാത്രമുള്ള ഒരു മനസ്സിനു കഴിയും. ചിന്തിക്കുന്നത് മുഴുവനും ഉള്ളിൽ നിന്ന് ആയതു കൊണ്ട് ഒരു ദിവസത്തിന്റെ മുഴുവൻ സമയവും നല്ല ചിന്തയോടുകൂടി കഴിഞ്ഞാൽ തീർച്ചയായും സമയം നമ്മുടെ കൈപിടിയിൽ ഭദ്രം.

# ഞാൻ കണ്ട എന്റെ കലോത്സവം

നിദ ഫാത്തിമ.എം

കുട്ടികളുടെ വർണാഭമായ കലകൾക്ക് തുടക്കം കുറിച്ചുകൊണ്ട് കടവത്തൂരിൻെറ മണ്ണിൽ

കലോത്സവത്തിന് തിരിതെളിച്ചപ്പോൾ നാടിന് തന്നെ ആകോശമായി, കല സ്വയം നെഞ്ചിലേറ്റി നാട്ടുകാരുടെ ഉത്സവം കൂടിയായി ഇത് കടവത്തൂർ സ്കൂളിൽ വെച്ച് നടക്കുന്ന

പാനൂർ ഉപജില്ല ഏഴാം തവണ കലേത്സവ വേദിത്ത് ആതിത്ഥ്യമരുളി.എഴുപത്തിയഞ്ചിൽ പരം സ്കൂളുകളിൽ നിന്നും രണ്ടായിരത്തോളം കുട്ടികൾ ഈ കലാമാമാങ്കത്തിന്

നിറപ്പകിട്ടാർന്ന ഭംഗി നൽകി. നാലു ദിവസം നീണ്ടു നിന്ന കലാമത്സരങ്ങളിൽ കുട്ടികളുടെ സർഗലഹരി ചൂടുപിടിക്കുമ്പോൾ അതിനെ തണുപ്പിക്കാൻ കോരിച്ചൊരിയുന്ന മഴയും



സാക്ഷികളായി. ഒൻപതോളം വേദികളിൽ രണ്ടായിരത്തോളം കലാ പ്രതിഭകൾ അവരുടെ കഴിവ് തെളിയിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ കലയ്ക്ക് വേണ്ടിയുള്ള ഒരു

പോരാട്ടം തന്നെയാണ് നടന്നത്. കുട്ടികളുടെ കഴിവിനെ അങ്ങേയറ്റം പ്രോൽസാഹിപ്പിച്ചുകൊണ്ട് ആവേശമുൾക്കൊണ്ട് അദ്ധ്യാപകരും അവരോടൊപ്പം

പങ്കാളികളായി........

പാനൂർ ഉപജില്ലാ കലോത്സവത്തിൻെറ ഉദ്ഘാടന സമ്മേളനം 2019 ഒക്ടോബർ 29 ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് പി.കെ.എം.എച്ച്.എസ്.എസ്.സിൻെറ അങ്കണത്തിൽ പാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, സംഘാടകസമിതി ട്രഷറർ കൂടിയായ ശ്രീ സി.കെ.സുനിൽ കുമാർ സാറിൻെറ പതാക ഉയർത്തൽ ചടങ്ങോടെ ആരംഭിച്ചു.സംഘാടകസമിതി ജനറൽ കൺവീനർ പ്രിൻസിപ്പാൾ ശ്രീ കെ.പി.ജീവൻ സാർ സ്വാഗതഭാഷണം നടത്തി. പാനൂർ മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ ശ്രീമതി റംല ടീച്ചറുടെ അധ്യക്ഷതയിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി പി.പി.ദിവ്യ ഉദ്ഘാടനം നിർവഹിച്ചു. സമാപന സമ്മേളനം 2019 നവംബർ 2 ശനിയാഴ്ച്ച വൈകുന്നേരം 3 മണിക്ക് തൃപങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.കെ.സുരേഷ്ബാബു വിൻെറ അധ്യക്ഷതയിൽ ശ്രീ.കെ.മുരളീധരൻ എം.പി ഉദ്ഘാടനം നിർവ്വഹിച്ചു.

# വാക്ക്

ജാഫർ എം.പി

തരാൻ മടിച്ചതാണ് പലവട്ടം
എങ്കിലും വിളിച്ചു
പറയണമെന്നുണ്ടായിരുന്നു പലരോടും
മുഖമോർക്കുമ്പോൾ
മടിച്ചുനിൽക്കുകയാണ്
മടിയനായ പുത്രനെന്ന്
പറഞ്ഞവർക്ക് മുമ്പിൽ
പറയാതെപറഞ്ഞ് നീ
നേടിയതൊക്കെയും വാക്കിൻെറ
തുമ്പിലായിരുന്നു.
നാക്കിന് വാക്കിനേക്കാൾ മൂർച്ചയുണ്ടെന്ന്
പറഞ്ഞ് നീ എന്തിനാണ്
ഇങ്ങനെ മൗനംകൊണ്ട്
വാക്കിനെ വേട്ടയാടുന്നത്
അപ്പോഴും വാക്ക് എൻെറ
നെഞ്ചിൽ മൗനമായ്
അടയിരിക്കുകയായിരുന്നു.




# പുഴ ശാന്തമായി ഒഴുകുന്നു

**ഷംന ഷെറിൻ**

അരവിന്ദൻ പതിയെ തൻെറ പഴയ
ഓർമ്മയിലേക്കാണ്ടു.

നേരം ഏകദേശം വൈകുന്നേരത്തോട
ടുത്തെത്തിയിട്ടുണ്ട്. ആ രണ്ട് സഹോദരങ്ങള്
ആ വിജനമായ പ്രദേശത്തുകൂടി ഒരിപാട് നേ രമായി നടക്കുന്നു. അവരുടെ ലക്ഷ്യസ്ഥാനത്ത്



എത്തിച്ചേരാൻ എത്ര സമയമെടുക്കുമെന്നോ എത്ര ദൂരം പിന്നിടുമെന്നോ ഒന്നും തന്നെ അറിയില്ല.ഒരു മലഞ്ചെരുവിലേക്കാണ് അവർ  പോകുന്നത്. ഒരുപാട് പുല് മേടുകളും കുട്ടിക്കാടുകളുമൊക്കെ താണ്ടിയാണ് അവിടെ എത്തുന്നത് .ഈ രണ്ട് സഹോദരന്മാർ എപ്പോഴോ ആരോ പറഞ്ഞ് കേട്ടിട്ട് മാത്രം പരിചയമുള്ള രു പ്രത്യേക തരം വിശേഷണങ്ങളുള്ള മരത്തെ കാണാനാണ് യാത്ര തിരിച്ചത്. ഉച്ചയൂണും കഴിഞ്ഞ് അമ്മയോട് കളിക്കാനാണെന്നും പറഞ്ഞ വീട്ടില് നിന്നിറങ്ങിയതാണ് ഈ ചേട്ടനും അനിയനും.

ഒരുപാട് ദൂരം പിന്നിട്ടിണ്ട്. രണ്ടുപേരും ആകെ ക്ഷീണിതരായിട്ടുണ്ട്. ഊണിന് ശേഷം ഒരു തുള്ളി വെള്ളം പോലും കുടിച്ചിട്ടില്ല. ഇത്രയും ദൂരം സഞ്ചരിച്ചിട്ടും എവിടെയും എത്തിയില്ലല്ലോ എന്നോർത്ത് രണ്ട് പേരും വല്ലാത്ത നിരാശയിലായിരുന്നു. അവർ ഒരു മരച്ചുവട്ടില് പോയിരുന്നു.
ക്ഷീണിതരായ അവർ പതിയെ ഉറക്കത്തിലേക്ക് വഴുതി വീണു.
അനുജൻ എന്തോ ശബ്ദം കേട്ട് ഞെട്ടിയുണർന്നിരുന്നു. ഇത്തിരി സമയത്തിനുശേഷം അനുജൻെറ വിളികേട്ട് ചേട്ടൻ ഞെട്ടിയുണർന്നു. അനുജൻെറ മുഖത്തെ തെളിച്ചം കണ്ട് ചേട്ടൻെറ മുഖത്തും ചെറിയ പ്രതീക്ഷ ഉണർത്തി. കാര്യം തിരക്കിയപ്പോള് അല് പം ദൂരെയെവിടെയോ ഒരു കുന്ന് കണ്ടെന്ന് പറഞ്ഞു. പെട്ടെന്ന് തന്നെ അവർ ആ ഭാഗത്തേക്കോടി. അവർ എങ്ങനെയോ കുന്നിൻ മുകളില് കയറി. കുറച്ച് ദൂരം എത്തിയപ്പോള് എന്തോ ഒരു ഗാഢമായ ശബ്ദം കേട്ടു. അവർ ചുറ്റും നോക്കി. പക്ഷേ ഒന്നും കാണാനായില്ല. വീണ്ടും ആ ശബ്ദം കേട്ടു. ഇപ്പോള് അവരില് ഇത്തിരി ഭയം നിഴലിച്ചിട്ടുണ്ട്. അതൊന്നും കാര്യമാക്കാതെ അവർ വീണ്ടും യാത്ര തുടർന്നു. പിന്നീട് ആ ശബ്ദം അവരുടെ തൊട്ടുപിറകിലായി അവർക്ക് തോന്നി. രണ്ടു പേരും തിരിഞ്ഞു നോക്കി. അവിടെയുള്ള കാഴ്ച കണ്ടതും അവർ ഞെട്ടി. അവർ ഇതുവരെ കാണാത്തതും പരിചിതമില്ലാത്തതുമായ ഒരു

വലിയ മൃഗം. ഇത്രയും തൊട്ടടുത്ത് കണ്ടതിൻെറ ഞെട്ടലില് അവർ രണ്ടുപേരും എന്ത് ചെയ്യണമെന്നറിയാതെ ഉറച്ച് നിന്നു. പെട്ടെന്ന് അതിൽ ഒരാൾ സ്വബോധം വീണ്ടെടുത്ത പോലെ മറ്റെയാളുടെ
കൈയ്യും പിടിച്ച് ഓടാൻ തുടങ്ങി .പിന്നാലെ ആ മൃഗവും
ഓട്ടത്തിനിടയിൽ എപ്പോഴോ കോർത്തുപിടിച്ച അവരുടെ കൈകൾ അഴിഞ്ഞിരുന്നു പെട്ടെന്ന് അതില് ഒരാള് ഒരു വള്ളിയിൽ തടഞ്ഞ് കുന്നിൻെറ ഒരു സൈഡിലുള്ളലവളരെ ആഴത്തിലുള്ള ഒരു കുഴിലേക്ക് വീണു. പിന്നാലെ ആ വന്യമൃഗവും ഓടിയതിനാലതും ആ കുഴിയിൽ വീണിരുന്നു. വീണത് ഏട്ടനായിരുന്നു. ഇത് കണ്ട അനുജൻ 'ചേട്ടാ......' എന്ന് നിലവിളിച്ച കൊണ്ട് ആ കുഴിയുടെ സമീപത്ത് പോയി നോക്കി. അതിൽ ഒന്നും തന്നെ കാണാനുണ്ടായിരുന്നില്ല കാരണം അതിന് അത്രയേറെ ആഴം ഉണ്ടായിരുന്നു. എന്ത് ചെയ്യണമെന്നറിയാതെ ആ അനുജൻ നിലത്ത് മുട്ട് കുത്തിയിരുന്നു. മുഖവും പൊത്തിയിരുന്നു ഒരുപാട് നേരം നിലവിളിച്ചു. അല്പസമയത്തിന് ശേഷം ചെറിയ ഒരു ഇളം തെന്നൽ തഴുകിയ പോലെ തോന്നിയപ്പോൾ മുഖത്ത് നിന്ന് കൈയ്യെടുത്ത് ചെറിയ വിങ്ങലോടെ ചുറ്റും നോക്കി. എങ്ങും വല്ലാത്തൊരു നിശ്ശബ്ദത ആയിരുന്നു. അവൻ പതിയെ എഴുന്നേറ്റ് മുന്നോട്ട് നടന്നു. അപ്പോള് അവർ ഉദ്ദേശിച്ച ആ മലഞ്ചെരുവിലേക്കാണ് അനുജൻ തനിച്ചെത്തിയത്. അതൊരു പുഴക്ക് അരികിലായിരുന്നു. അവർ അന്വേഷിച്ച വന്ന ആ മരവും അവൻ കണ്ടു. അത് തന്നെ നോക്കി തലയാട്ടുന്നത് പോലെ അവന് തോന്നി.

അവൻ പതിയെ പുഴയിലിറങ്ങി കയ്യിൽ വെള്ളം കോരിയെടുത്ത് മുഖത്തേക്കൊഴിച്ചു. ഇപ്പോൾ ഇത്തിരി ആശ്വാസം പോലെ തോന്നുന്നുണ്ട്. ശേഷം അവൻ മരത്തിന് ചുവട്ടിൽ പോയിരുന്നു. ആ മരം കണ്ടപ്പോൾ വീണ്ടും അവന് സങ്കടത്തെ പിടിച്ച് നിർത്താനായില്ല. പതിയെ അവൻ ഉറക്കത്തിലേക്ക് വഴുതി വീണു. പിന്നീടവൻ ഉണരുമ്പോൾ വീട്ടിലായിരുന്നു ഉണ്ടായിരുന്നത്. കാര്യമെന്തെന്നറിയാതെ അവൻ ചുറ്റും നോക്കി. പതിയെ അവൻെറ ഓർമ്മയിലേക്ക് കഴിഞ്ഞ കാര്യങ്ങൾ വന്നു. നോക്കുമ്പോൾ അമ്മയും അടുത്ത് വിങ്ങിക്കൊണ്ടിരുന്നിട്ടുണ്ട്. പിന്നീട് അവനോട് കഴിഞ്ഞ കാര്യങ്ങൾ ഒരോരുത്തരും വന്ന് ചോദിച്ചു. ആ മയക്കത്തിൽ നിന്ന് അവൻ ഉണർന്നത് 2 ദിവസം കഴിഞ്ഞാണ്. വനമുദ്യോഗസ്ഥർ അവനെ അവിടെ കണ്ട് വീട്ടിലെത്തിച്ചതായിരുന്നു. എല്ലാം കേട്ട് അവൻ ഞെട്ടി പോയി.

പെട്ടെന്ന് ഭാര്യയുടെ വിളികേട്ട് അരവിന്ദൻ ഞെട്ടി. കണ്ണ് തുറന്നപ്പോൾ ആണ് താൻ തൻെറ വീട്ടില്ലായിരുന്നു ഉള്ളതെന്ന് മനസ്സിലായി. കണ്ണീർ ഒലിച്ച് തൻറെ കവിളിലെത്തിയിരുന്നു. അവൻ അത് തുടച്ച് പഴയ കാര്യങ്ങൾ മറന്ന് കളഞ്ഞു.

# ഇതിഹാസങ്ങൾ ചിത്രങ്ങളിലൂടെ.......





# Need a Wife ...For You

SIRAJ VELLAMUNDA

*I entered in academy*

*To get my parents smiled*

*I learned the boring lessons*

*In fear of punishment.*

*I struggled hard to memorize and*

*Fought tough battle with oblivion*

*to get rid of those wizard fools*

*In fear of getting failed.*

*Appeared umpteen times in front of*

*That bloody panel of interviews*

*Who seemed artificial behaved artificial*

*I too...and finally got a space*

*To that fine world of falsehood.*

*Look at my costume,hair style,appearance*

*You said it the way which I really wanted.*

*Yup...I am the happiest youth in my*

## ചങ്ങാതിക്കൂട്ടം

*Mobile  screen sized world.*

*Now I am 25,the perfect age*

*To get married...you said.*

*So I need a wife for you prefer.*

*Let me know your aesthetic tastes.*

*I don't concentrate on her duty*

*But beauty if it can please you .*

*I do never particular on what extent*

*Can she satisfy me,but you.*

*If you have time,meet that mirror in your room*

*You can see me in your opposite or*

*I will show you the same in your eyes.*

*Let me reveal a secret frankly*

*I need a wife... for you.*

# ഞാൻ തനിച്ചല്ല

ആശ്രിത

നോവും നെഞ്ചിന്റെ ചൂടേറ്ററങ്ങുമ്പോൾ
പറയാറുണ്ടെന്നമ്മ,ഞാൻ തനിച്ചല്ല
മകളെ, നീ കൂടെയുണ്ടെങ്കിലെന്തും സഫലം
പറയാനില്ല ഒരു വാക്കും നിന്നോടായ്, നീ
മാത്രം തണലാകുന്നൊരു വേളയിൽ.......



ആർത്തിരമ്പുന്ന കടലോ നിൻഹൃദയം
എന്തേ നീ ഇന്നെന്നെ ഉപേക്ഷിച്ചിടാത്തു
നീയെന്നെ വെറുത്തെന്ന് പണ്ടേ ഞാൻ കരുതി
തോൽപ്പിച്ചിടുന്നോ മകളേ നിൻ വാത്സല്യം
നീ മരിക്കുവോളം മറക്കില്ലെന്നു കരുതി ഞാൻ

നിന്നോടായ് തീർത്ത രൗദ്രഭാവങ്ങൾ
മറന്നെന്നു നടിക്കുകയാണോ നിൻ മനസ്സ്,
നോവുകൾക്കിടയിൽ വെന്തുരുകുകയാണോ നീ....
എന്റെ പുണ്യജന്മങ്ങൾ എന്നെ എടുത്തെറിഞ്ഞു
ലോകത്തിന്റെ മുകൾ മൂലകളിൽ സന്തോഷം,
തേടിക്കൊണ്ടവർ ഇന്നും പറന്നു നടക്കുന്നു.

ഇന്നെനിക്കു കിട്ടിയ ഭാഗ്യ നിധിയാണു നീ,
ഒരോ നിമിഷവും നിന്നോട് മൗനമായ്
മാപ്പപേക്ഷിക്കുന്നു ഞാൻ....
കൂരാകൂരിട്ടിൽ തപ്പിപ്പിടയുന്നെനിക്ക്,
വെളിച്ചമായ് വന്ന മിന്നാമിനുങ്ങല്ലയോ നീ....
ജീവിതപാതയിൽ ഒറ്റപ്പെട്ട പാഴ്ജന്മമാണ് ഞാൻ
തനിച്ചാവില്ല ഞാൻ നീയുള്ളിടത്തോളം
നീയാണിന്നെന്റെ ഹൃദയസ്പന്ദനം........

# CRUMBLED CONCEPTION

**Fathima nasrin.k**

*I wish If I had the birds eye view*

*To see tiny world*

*Too highlight the charity than chastity*

*Among the restless mob or*

*Among the desireless wild youth*

*Who abhor the model words*

*No matter where they dwelling*

*No matter what they talk*

*I would lead them in your yonder*

*Yes….now I can hear them*

*Their vague nuptial talk…..*

*And their else of complaints*

*When I thought myself*

*When I turn to me*

## ചങ്ങാതിക്കൂട്ടം

*You make me skolly*

*You insisted me to knavish*

*Almighty...clear out the ferociousness*

*That I had committed with*

*Almighty...lead me the way that you want*

*But consider my wish too.....*

# പരിഭവം

ഹബീബ

രാത്രിയും പകലുമെന്നത് പരസ്പരവിരുദ്ധവും അതെ സമയം തന്നെ ഒന്നില്ലാതെ മറ്റൊന്നിന് നിലനിൽപ്പില്ലെന്ന വിധം പിന്തുടരുന്നവരുമത്രെ........ഒരിക്കൽ പോലും പരസ്പ്പരം കണ്ടുമുട്ടാതെ പ്രഭാതത്തിൻെറയും സായാഹ്നത്തിൻെറയും ഊഷ്മളതയിൽ അവർ മുഖം കൊടുക്കാതെ മാറിനിൽക്കുന്നു.നട്ടുച്ചവെയിലിങ്ങനെ കത്തിനിൽക്കുമ്പോഴും പാതിരാതണുത്തുറഞ്ഞ് തുടങ്ങുമ്പോഴും അന്യോന്യം ഒരിക്കല്ലെങ്കിലും കണ്ടുമുട്ടുന്നതിനെ പറ്റി അവർ ചിന്തിച്ചെന്നിരിക്കണം.........വർണങ്ങൾ

വറ്റിയൊരു ശിഖിരം രാത്രിയിൽ നിന്ന് പകലിലേക്കോ പകലിൽ നിന്ന് രാത്രിയിലേക്കോ.......മുറിച്ചിടുന്നു.....കണ്ടുമുട്ടിയില്ലെങ്കിലും......തിരിച്ചറിയപ്പെട്ടില്ലെങ്കിലും...നേർത്തൊരു ഇരുണ്ട ഞരമ്പിൽ നിന്നും....വെളുത്തപൂക്കൾ വിടരാതിരിക്കില്ല.......പ്രതീക്ഷമാത്രമാണത്.രാത്രിയെയോ പകലിനെയോ ചേർത്ത് വെക്കണമെന്ന എൻെറ വ്യാമോഹങ്ങളാണത്......ദൈവമേ.....എൻെറയി ശുഷ്ക്കിച്ച പ്രാണനെ പിടിച്ചെടുക്കുമ്പോഴെങ്കിലും പകലിലോ രാത്രിയിലോ ആവാതെ....ആകാശം ചുവന്നിരുണ്ട് തുടങ്ങുന്ന ഇരുട്ടോ വെളിച്ചമോ .....എന്നറിയാത്ത.....പരിഭവം നടിച്ച് രാത്രിയും പകലും.മുഖം തിരിഞ്ഞ് നടക്കാനിരിക്കുന്ന ഒരു സായാഹ്നത്തിലോ.....പ്രഭാതത്തിലോ ആക്കി തീർക്കണെ....എന്നിട്ട്...ആകാശത്തേക്കുയരുന്ന പ്രാണന് എങ്കിലും കാണണം......പരിഭവം മറന്ന് രാത്രിയും പകലും ആരും കാണാതെ ചുവന്ന് കലങ്ങിയ കണ്ണിൽ നോക്കി പുഞ്ചിരിക്കുന്നതും.......ഇരുണ്ട് തുടങ്ങുന്ന ആകാശത്ത് അങ്ങിങ്ങായി തിളങ്ങുന്ന വെളുത്ത പൂക്കൾ പുഞ്ചിരിച്ച് തുടങ്ങുന്നതും...........

ചങ്ങാതിക്കൂട്ടം

# കേരളീയ കലാരൂപങ്ങൾ






പി.കെ.എം

## ചങ്ങാതിക്കൂട്ടം









# Freedom

**JUMNA NASNI .P.V**

*Freedom from fear is the freedom*

*I claim for you my motherland!*

*Freedom from the burden of the ages, bending your head,*

*breaking your back , blinding your eyes to the beckoning*

*call of the future;*

*freedom from the shackles of slumber wherewith*

*you fasten yourself in night stillness,*

*mistrusting the star that speaks of truths adventurous paths;*

*freedom from the anarchy of destiny.*

# THE FINAL REST

Femina.M

*It is the last day of our life*

*When all become a memory*

*The joy....sadness....dreams*

*Even though the beautiful life*

*Angel of death comes*

*To seize us to their world*

*They are not knowing the pain*

*When the soul is capturing*

*However there is no choice*

*Instead of going with them*

*Leaving the loving ones*

*Because of the*

*Devil...Death*